"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് -കോട്ടയം നഗരസഭയിലെ ഡ്രൈവർ ഗ്രേഡ്-1 ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ബിജു റ്റി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 2219/2021ൻമേലുള്ള 26-11-2021 തീയതിയിലെ വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1296/2022/LSGD തീയതി,തിരുവനന്തപുരം, 25-05-2022

---

പരാമർശം:-

1 നഗരകാര്യഡയറക്ടർ 2-5-2018 തീയതിയിൽ പുറപ്പെടുവിച്ച ,കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഡ്രൈവർമാരുടെ(എച്ച്.ഡി.വി) ഗ്രഡേഷൻ ലിസ്റ്റ്.

2. നഗരകാര്യഡയറക്ടറുടെ 17-9-2021 തീയതിയിലെ ഇ8-17948/2020 നമ്പർ ഉത്തരവ് നടപടികൾ(അനക്ഷർ A7)

3. ശ്രീ ബിജു റ്റി 24-9-2021 തീയതിയിൽ നഗരകാര്യഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരുന്ന നിവേദനം(അനക്ഷർ A8)

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ ബിജു റ്റി ഫയൽ ചെയ്തിരുന്ന OA 2219/2021ൻമേലുള്ള 26-11-2021 തീയതിയിലെ വിധിന്യായം.

5. നഗരകാര്യഡയറക്ടറുടെ 3-3-2022ലെ ഇ8-17948/2020 നമ്പർ ഉത്തരവ് നടപടികൾ

6 നഗരകാര്യഡയറക്ടറുടെ 4-4-2022 തീയതിയിലെ ഇ8-17948/2020 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ ഡ്രൈവർ ഗ്രേഡ്-1 ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ബിജു പരാമർശം(3) പ്രകാരം നഗരകാര്യഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരുന്ന നിവേദനത്തിൻമേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 2219/2021 ൻമേലുള്ള പരാമർശം(4) പ്രകാരമുള്ള വിധിന്യായത്തിൽ അപേക്ഷകൻ നഗരകാര്യഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അനക്ഷർ A8 നിവേദനം നഗരകാര്യഡയറക്ടർ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്നും അപേക്ഷകനേക്കാൾ ജൂനിയറായ വ്യക്തികൾക്ക് അനക്ഷർ A7 ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയിരിക്കുന്ന സാഹചര്യത്തിൽ , കേസിലെ ഒന്നാം എതിർ കക്ഷിയായ തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി, അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനക്ഷർ A8 നിവേദനത്തിൻമേൽ ,വിധിന്യായം ലഭിച്ച് 2 മാസത്തിനുള്ളിൽ ആവശ്യമായ

ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായിരുന്നു .

2.പരാതിക്കാരനായ ശ്രീ ബിജു.റ്റി കോട്ടയം നഗരസഭയിൽ 10/2/2016 തീയതിയിൽ ഡ്രൈവർ ഗ്രേഡ്-II തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിക്കുകയും 10/02/2018 ന് പ്രൊബേഷൻ പൂർത്തിയാക്കുകയും ചെയ്തു.നിയമന ഉത്തരവിൽ പരാതിക്കാരനായ ശ്രീ ബിജു റ്റി , ശ്രീ ആർ.ജയരാജിനും (28 ക്രമനമ്പർ) ശ്രീ പി മനോജിനും (30 ക്രമനമ്പർ) ഇടയിൽ 29ാം ക്രമനമ്പറുകാരനായിരുന്നുവെന്നും, നഗരകാര്യഡയറക്ടർ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ച ,കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഡ്രൈവർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ , ശ്രീ ആർ.ജയരാജ്, ശ്രീ ബിജു റ്റി , ശ്രീ പി മനോജ് എന്നിവർ യഥാക്രമം 49, 50, 51 എന്നീ ക്രമനമ്പറുകാരായിരുന്നുവെന്നും ഡ്രൈവർ ഗ്രേഡ്-1 തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച ഉത്തരവിലും ഇതേ ക്രമനമ്പർ പ്രകാരമായിരുന്നുവെന്നും എന്നാൽ നഗരസഭകളിൽ ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായിരുന്ന പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ പരാതിക്കാരനായ ശ്രീ ബിജു.റ്റിയ്ക്ക് മുമ്പുള്ള ശ്രീ ആർ.ജയരാജ്,ടിയാളിനു ശേഷമുള്ള ശ്രീപി.മനോജ് എന്നിവർ ഉൾപ്പെട്ടിരുന്നുവെങ്കിലും പരാതിക്കാരനായ ശ്രീ.ബിജു.റ്റി.യെ ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും സീനിയർ ഗ്രേഡ് ഡ്രൈവർ ആയി പ്രൊമോഷൻ ലഭിച്ചില്ലെന്നും ആയതിനാൽ തനിക്ക് അനക്ഷർ A7 ഉത്തരവിൽ ഉൾപ്പെടുത്തി പ്രൊമോഷൻ നൽകണമെന്നും കാണിച്ച് പരാതിക്കാരൻ 24-9-2021 തീയതിയിൽ നഗരകാര്യഡയറക്ടർ മുമ്പാകെ പരാമർശം(3) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. നഗരകാര്യഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന നിവേദനം നഗരകാര്യഡയറക്ടർ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്നും അപേക്ഷകനേക്കാൾ ജൂനിയറായ വ്യക്തികൾക്ക് അനക്ഷർ A7 ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയിരിക്കുന്ന സാഹചര്യത്തിൽ , കേസിലെ ഒന്നാം എതിർ കക്ഷിയായ തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി, അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനക്ഷർ A8 നിവേദനത്തിൻമേൽ ,വിധിന്യായം ലഭിച്ച് 2 മാസത്തിനുള്ളിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം(4) പ്രകാരം ഉത്തരവായിരുന്നു .

4. പരാമർശം(3) നിവേദനത്തിൻമേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നഗരകാര്യഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു നഗരകാര്യഡയറക്ടർ പരാമർശം(6) പ്രകാരം സമർപ്പിച്ചിരുന്ന റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു.

നഗരസഭകളിൽ ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവിൽ വിരമിച്ച ജീവനക്കാരെ ഉൾപ്പെടുത്താത്തതിനാൽ ടി ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പരാമർശം(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവിൽ ശ്രീ.ബിജു.റ്റി.യെ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ടിയാന്റെ സീനിയോറിറ്റി ക്രമീകരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ ബിജു റ്റിയും സമാന ആവശ്യവുമായി ശ്രീ രാജേഷ് കക്കറ,ശ്രീ പ്രവീൺ എൻ.എം എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ മൂന്ന് വ്യത്യസ്ഥ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതാണ് എന്നും ശ്രീ.ബിജു റ്റി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ.2219/2021 നമ്പർ കേസിൻമേൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാൻ

സമർപ്പിച്ച ഹർജി (അനക്സർ എ8) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും തുടർന്ന് മൂന്ന് വ്യത്യസ്ഥ കേസുകളിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിലെ ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി നിശ്ചയിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നഗരകാര്യഡയറക്ടറുടെ പരാമർശം(5) പ്രകാരം ഉത്തരവ് നടപടികൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും നഗരസഭകളിലെ ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിലെ ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത് നഗരകാര്യ ഡയറക്ടറായതിനാലും മറ്റ് രണ്ട് കേസുകളിലെ ഉത്തരവിൽ നഗരകാര്യ ഡയറക്ടറോട് ഉചിതമായ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാലുമാണ് പ്രസ്തുത വിഷയത്തിൽ പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

5.നഗരസഭകളിലെ ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി നിശ്ചയിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നഗരകാര്യഡയറക്ടർ പുറപ്പെടുവിച്ചിരിക്കുന്ന പരാമർശം(5) പ്രകാരമുള്ള പുതുക്കിയ ഉത്തരവിൽ ഈ കേസിലെ പരാതിക്കാരനായ ശ്രീ ബിജു റ്റി യ്ക്ക് സീനിയോറിറ്റി ലിസ്റ്റിലെ ടിയാളിന് മുമ്പുള്ള ശ്രീ ആർ.ജയരാജിനു ശേഷവും , ടിയാളിനു ശേഷമുള്ള ശ്രീ പി മനോജിനു മുന്നിലുമായി പേര് ഉൾപ്പെടുത്തി 1-4-2021 തീയതി പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നഗരകാര്യഡയറക്ടർ ഉത്തരവായിട്ടുണ്ട്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ ബിജു റ്റി ഫയൽ ചെയ്തിരുന്ന OA 2219/2021ൻമേലുള്ള 26-11-2021 തീയതിയിലെ വിധിന്യായം നടപ്പിലാക്കി നഗരകാര്യഡയറക്ടർ പരാമർശം (5) പ്രകാരം ഉത്തരവ് നടപടികൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ , അപ്രകാരം OA 2219/2021ൻമേലുള്ള പരാമർശം(4) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം നഗരസഭ,കോട്ടയം.
ശ്രീ. ബിജു റ്റി,സീനിയർ ഗ്രേഡ് ഡ്രൈവർ(എച്ച്.ഡി.വി),കോട്ടയം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ